പതിമൂന്നാം കേരള നിയമസഭ

[illegible]

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1713

11-02-2013 – ൽ മറുപടിയ്ക്ക്

## അഗ്രോ ക്ലിനിക്കുകൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ.ഇ. ചന്ദ്രശേഖരൻ
ശ്രീ. പി.തിലോത്തമൻ.
ശ്രീ. ചിറ്റയം ഗോപകുമാർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് മൊത്തം എത്ര അഗ്രോ ക്ലിനിക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ക്ലിനിക്കുകളിലൂടെ കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള 1068 കൃഷി ഭവനുകൾ മുഖേന അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ടി ക്ലിനിക്കുകൾ മുഖേന താഴെപ്പറയുന്ന സേവനങ്ങളാണ് കർഷകർക്ക് നൽകിയിരുന്നത്.

1. പ്രാദേശിക കൃഷിവിളകൾക്ക് ഉണ്ടാകുന്ന രോഗ-കീട ബാധ തിരിച്ചറിഞ്ഞ് യുക്തമായ പ്രതിവിധി നിർദ്ദേശിക്കുന്നു.
2. മണ്ണിന്റെ വളക്കുറവിലുള്ള വ്യത്യാസം മൂലം കൃഷിക്കുണ്ടാകുന്ന ദോഷവശങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.
3. മണ്ണ് പരിശോധന നടത്തി മണ്ണിലെ പോഷകാംശക്കുറവ് മനസിലാക്കി അതനുസരിച്ച് വളപ്രയോഗ മാർഗ്ഗങ്ങൾ കർഷകർക്ക് സമയാസമയങ്ങളിൽ നൽകുന്നു.
4. കാർഷിക യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിന് കാർഷിക യന്ത്രങ്ങളുടെ ലഭ്യത കർഷകന് ഉറപ്പ് വരുത്തുന്നു.
5. കൃഷിയിലെ നവീന കൃഷി മുറകൾ, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കർഷകരിൽ എത്തിക്കുന്നു.
6. കർഷക ക്ഷേമവുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ പരിപാടികളും അഗ്രോ ക്ലിനിക്കുകൾ മുഖേന ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ പ്രവർത്തനം വീണ്ടും സജീവമാക്കുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം മറ്റ് പദ്ധതികളുടെ ബാഹുല്യം നിമിത്തം ഉദ്ദേശിച്ച രീതിയിൽ മുന്നാട്ട് പോയില്ല. അതിനെതുടർന്ന് അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. ആത്മ പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി 11 അഗ്രോ ക്ലിനിക്കുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>2. ലീഡ്സ് പദ്ധതി പ്രകാരം ലീഡ് ഫാർമർ മുഖേന കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ അഗ്രോക്ലിനിക്കുകൾ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>3. 2012-13 വർഷത്തിൽ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലുമായി 35 തിരഞ്ഞെടുത്ത ബ്ളോക്കുകളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ച് അതിലൂടെ അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ